(സി) നിലവിലുള്ള ലിസ്റ്റിൽ നിന്നും പരമാവധിപേരെ നിയമിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ), ബി & സി വിവരം ശേഖരിച്ചുവരുന്നു

തൃശ്ശൂർ ജില്ലയിലെ ഒഴിവുകൾ

40 [1512] ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൃശ്ശൂർ ജില്ലയിൽ വിവിധ വകുപ്പുകളിൽ എത്ര ഒഴിവുകളാണ് കണക്കാക്കപ്പെട്ടിട്ടുള്ളതെന്ന് വകുപ്പ് തിരിച്ച് വെളിപ്പെടുത്താമോ;

(ബി) ഈ ഒഴിവുകൾ നികത്തുന്നത് സംബന്ധിച്ച് എന്തെങ്കിലും നിവേദനം ലഭിച്ചിട്ടുണ്ടോ;

(സി) എങ്കിൽ ഇതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ;

(ഡി) പല വകുപ്പുകളിലും തസ്തികകൾ ഒഴിഞ്ഞു കിടക്കുന്നത് ജില്ലയിലെ വിവിധ വികസന പ്രവർത്തനങ്ങളെ പ്രതികൂലമായി ബാധിക്കുന്നതായി ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ;

(ഇ) എങ്കിൽ ഈ ഒഴിവുകൾ നികത്തുവാൻ സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

ഉത്തരം

(എ, ബി സി & ഡി) വിവരം ശേഖരിച്ചുവരുന്നു.

കോഴിക്കോട് ജില്ലയിൽ എൽ. പി. എസ്. എ./യു. പി. എസ്. എ. തസ്തികയിലേക്കുള്ള റാങ്ക് ലിസ്റ്റ്

41 [1513] ശ്രീ. സി. മമ്മൂട്ടി :
,, ടി. പി. എം. സാഹിർ :
,, യു. സി. രാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് ജില്ലയിൽ എൽ. പി. എസ്. എ./യു. പി. എസ്. എ. തസ്തികയിലേക്കുള്ള പി.എസ്.സി. തയ്യാറാക്കിയ റാങ്ക് ലിസ്റ്റിൽ നിന്നുള്ള നിയമനം ഏത് വരെയായി എന്ന് അറിയിക്കുമോ;

(ബി) ഇതിൽ മെരിറ്റിൽ എത്ര മുസ്ളീങ്ങൾക്ക് നിയമനം ലഭിച്ചു;

LIBRARY ARCHIVES Kerala Legislative Assembly

(സി) നിലവിലുള്ള ഒഴിവുകളിലേക്ക് മുൻ പി.എസ്.സി. ലിസ്റ്റിൽ എസ്.സി./ എസ്.ടി. വിഭാഗക്കാർ ഇല്ലാത്തതിനാൽ പ്രസ്തുത ഒഴിവുകളിലേക്ക് നിലവിലുള്ള ലിസ്റ്റിൽ നിന്നും ഉദ്യോഗാർത്ഥികളെ എടുത്ത് ഒഴിവുകൾ നികത്തിയിട്ടുണ്ടോ;

(ഡി) എങ്കിൽ എത്ര പേർക്ക് നിയമനശുപാർശ നൽകിയിട്ടുണ്ടെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) 208 പേർക്ക് നിയമനം നല്കിക്കഴിഞ്ഞു.

(ബി സി & ഡി) വിവരം ശേഖരിച്ച് നൽകുന്നതാണ്.

ഹോമിയോപ്പതി വകുപ്പിലെ ഫാർമസിസ്റ്റ് തസ്തിക

42 [1514] ഡോ. തോമസ് ഐസക് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹോമിയോപ്പതി വകുപ്പിൽ ഫാർമസിസ്റ്റ് തസ്തികയിലേക്കുള്ള നിയമനത്തിനായി അപേക്ഷ ക്ഷണിച്ചുകൊണ്ട് 27-10-1998-ൽ പി.എസ്.സി. വിജ്ഞാപനം പുറപ്പെടുവിച്ചുവോ; എങ്കിൽ ഇതിന്റെ വിശദാംശങ്ങൾ നൽകുമോ;

(ബി) വിജ്ഞാപനം നൽകിയ അവസരത്തിൽ എത്ര ഒഴിവുകൾ ഉണ്ടായിരുന്നുവെന്നും നിലവിൽ എത്ര ഒഴിവുകൾ ഉണ്ടെന്നും വ്യക്തമാക്കുമോ;

(സി) ഈ തസ്തികയിലേക്കുള്ള ടെസ്റ്റും ഇൻറർവ്യൂവും ഏതൊക്കെ തീയതികളിലാണ് പി.എസ്.സി. നടത്തിയതെന്നും റാങ്ക് ലിസ്റ്റ് എപ്പോൾ പ്രസിദ്ധീകരിച്ചുവെന്നും അറിയിക്കുമോ;

(ഡി) ലിസ്റ്റിന്റെ കാലാവധി എപ്പോൾ പൂർത്തിയാവും എന്ന് വ്യക്തമാക്കാമോ;

(ഇ) ലിസ്റ്റിൽ നിന്നും ആകെ എത്രപേരെ നാളിതുവരെ നിയമിച്ചുവെന്നും ഒഴിവ് ഉണ്ടായിരുന്നിട്ടും ഈ റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം നടത്താതെയിരിക്കുന്നത് എന്തുകൊണ്ടാണെന്നും വിശദമാക്കാമോ;

(എഫ്) 1999-ൽ നിലവിൽ വന്ന സ്പെഷ്യൽ റൂൾസിന്റെ വെളിച്ചത്തിൽ ഈ ലിസ്റ്റിൽ നിന്നും തുടർന്ന് ആരേയും നിയമിക്കേണ്ടെന്ന് തീരുമാനിച്ചിട്ടുണ്ടോ;

(ജി) എങ്കിൽ ഈ തീരുമാനത്തിന്റെ ഒരു പകർപ്പ് ലഭ്യമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly